9431
7/10/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - കേരള സംഗീത നാടക അക്കാദമിയിൽ എൽ ഡി ടൈപ്പിസ്റ്റ് ആയി ജോലി ചെയ്തു വരവെ മരണപ്പെട്ട വി.കെ.ഉഷാകിരണിന്റെ മകൻ ശ്രീ. രോഹിത്ത് ഇ എസ്- ന് കേരള സംഗീത നാടക അക്കാദമിയിൽ എൽ. ഡി ക്ലാർക്ക് ആയി നിയമനം നൽകുന്നതിന് കേരള സംഗീത നാടക അക്കാദമിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാംസ്കാരിക കാര്യ (എ) വകുപ്പ്

സ.ഉ.(കൈ) നം.10/2020/സാം.കാ.വ തീയതി,തിരുവനന്തപുരം, 01/10/2020

---

പരാമർശം:-

1 28/04/2016 ലെ ശ്രീ. രോഹിത്ത് ഇ എസ്, ഉഷസ്സ്, ഇരവിമംഗലത്ത് വീട്, ഇരവിമംഗലം പി ഒ., തൃശ്ശൂർ സമർപ്പിച്ച അപേക്ഷ

2 10/06/2016 ലെ കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ 2527/എൻ.പി1/2015 നമ്പർ കത്ത്.

3 19.05.2016 തീയതിയിലെ സംഗീത നാടക അക്കാദമിയുടെ നിർവ്വാഹകസമിതി യോഗത്തിന്റെ തീരുമാനം

4 04/06/2018 ലെ തൃശ്ശൂർ ജില്ലാ കളക്ടറുടെ എ6-55362/17 നമ്പർ കത്ത്.

5 04.03.2020 തീയതിയിലെ സംഗീത നാടക അക്കാദമിയുടെ നിർവ്വാഹകസമിതി യോഗത്തിന്റെ തീരുമാനം

## ഉത്തരവ്

കേരള സംഗീത നാടക അക്കാദമിയിൽ എൽ ഡി ടൈപ്പിസ്റ്റ് ആയി ജോലി ചെയ്തു വരവെ മരണപ്പെട്ട വി.കെ. ഉഷാകിരണിന്റെ മകൻ ശ്രീ. രോഹിത്ത് ഇ എസ്, ടി അക്കാദമിയിൽ എൽ. ഡി ക്ലാർക്ക് ആയി നിയമനം ലഭിക്കുന്നതിന് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ ശുപാർശ ചെയ്ത് കേരള സംഗീത നാടക അക്കാദമി സെക്രട്ടറി പരാമർശം (2), (3) പ്രകാരം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

2) ശ്രീ. രോഹിത് എസ്. എസ്. എൽ. സി. , പ്ലസ് ടു എന്നീ വിദ്യാഭ്യാസ യോഗ്യതകൾ നേടിയിട്ടുള്ളതും ടിയാന് കേരള സംഗീത നാടക അക്കാദമിയിൽ നിയമനം നൽകുന്നതിന് പരേതയായ വി. കെ. ഉഷാകിരണിന്റെ അവകാശികൾ സമ്മതപത്രം നൽകിയിട്ടുള്ളതുമാണ്. ശ്രീ. രോഹിത്തിന് നിയമനം നൽകുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. ശ്രീ. രോഹിത്തിന് കേരള സംഗീത നാടക അക്കാദമിയിൽ നിലവിൽ ഒഴിവുള്ള എൽ ഡി ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പരാമർശം (5) പ്രകാരം കേരള സംഗീത നാടക അക്കാദമി നിർവ്വാഹക സമിതി ശുപാർശ ചെയ്തിട്ടുണ്ട്

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംഗീത നാടക അക്കാദമിയിൽ എൽ ഡി ടൈപ്പിസ്റ്റ് ആയി ജോലി ചെയ്തു വരവെ മരണപ്പെട്ട വി.കെ.ഉഷാകിരണിന്റെ മകൻ ശ്രീ. രോഹിത്ത് ഇ എസ്, ഉഷസ്സ്, ഇരവിമംഗലത്ത് വീട്, ഇരവിമംഗലം പി ഒ., തൃശ്ശൂർ - ന് ഒരു പ്രത്യേക കേസായി പരിഗണിച്ച് കേരള സംഗീത നാടക അക്കാദമിയിൽ നിലവിൽ ഒഴിവുള്ള എൽ ഡി ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് കേരള സംഗീത നാടക അക്കാദമിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ശ്രീ. രോഹിത്ത് ഇ എസ്സിനുള്ള നിയമന ഉത്തരവ് കേരള സംഗീത നാടക അക്കാദമി നൽകേണ്ടതാണ്. അപേക്ഷകൻ സമർപ്പിച്ചിരിക്കുന്ന രേഖകളിൽ ഏതെങ്കിലും തരത്തിലുള്ള തെറ്റുള്ളതായി കണ്ടെത്തുകയാണെങ്കിൽ പ്രസ്തുത നിയമനം റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോര്ജ്ജ്
സെക്രട്ടറി

പകർപ്പ്

1) ശ്രീ. രോഹിത്ത് ഇ എസ്, ഉഷസ്സ്, ഇരവിമംഗലത്ത് വീട്, ഇരവിമംഗലം പി ഓ., തൃശ്ശൂർ

2) ജില്ലാ കളക്ടർ, തൃശ്ശൂർ.

3) കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ.

4) ഡയറക്ടർ, സാംസ്കാരികവകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട്. പി. ഒ, തിരുവനന്തപുരം.

5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം

6) അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരളം, തിരുവനന്തപുരം

7) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

8) ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ

9) പൊതുഭരണ (എസ് എസ്) വകുപ്പ് (30/09/2020 ലെ മന്ത്രി സഭായോഗത്തിന്റെ 4229 നമ്പർ തീരുമാന പ്രകാരം)

10) കരുതൽ ഫയൽ

11) വിവരപൊതുജന സമ്പർക്ക വകുപ്പ് (Web and New media).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 30-09-2020

ഫയൽ നം. 177/എ1/2017/സാം.കാ.വ.

ഇനം നം: 4229

വിഷയം : സാംസ്കാരിക കാര്യ വകുപ്പ് - കേരള സംഗീത നാടക അക്കാദമിയിൽ എൽ.ഡി. ടൈപ്പിസ്റ്റ് ആയി ജോലി ചെയ്തു വരവേ മരണപ്പെട്ട വി. കെ. ഉഷാകിരണിന്റെ മകൻ ശ്രീ. രോഹിത്ത് ഇ. എസ്.-ന് എൽ.ഡി. ക്ലാർക്കായി നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ പിണറായി വിജയൻ മന്ത്രിസഭ)
## (മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്)

| | | |
|---|---|---|
| 1) | ഫയൽ നമ്പർ | 177/എ 1/2017/സാം.കാ.വ. |
| 2) | വകുപ്പ് | സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3) | വിഷയം | കേരള സംഗീത നാടക അക്കാദമിയിൽ എൽ ഡി ടൈപ്പിസ്റ്റ് ആയി ജോലി ചെയ്തു വരവേ മരണപ്പെട്ട വി.കെ ഉഷാകിരണിന്റെ മകൻ ശ്രീ. രോഹിത്ത്. ഇ എസ്-ന് എൽ ഡി ക്ലാർക്കായി നിയമനം നൽകുന്നത് സംബന്ധിച്ച് |
| 4) | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 20/07/20 |
| | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | ഉണ്ട് |
| | (ii) ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ അജിത്ത് കെ ജോസഫ് |
| 8) | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി.റാണി ജോർജ്ജ് |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 08.09.2020 |
| 10) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വിശ്വാസ് മേത്ത |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 09.09.2020 |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ. കെ. ബാലൻ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 18.09.2020 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 28.09.2020 |
| 15) | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സംഗീത നാടക അക്കാദമിയിൽ എൽ ഡി ടൈപ്പിസ്റ്റ് ആയി ജോലി ചെയ്തു വരവെ 16.03.2016 ൽ മരണപ്പെട്ട വി.കെ.ഉഷാകിരണിന്റെ മകൻ ശ്രീ. രോഹിത്ത് ഇ എസ്– ന് കേരള സംഗീത നാടക അക്കാദമിയിൽ എൽ. ഡി ക്ലാർക്ക് ആയി നിയമനം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കേരള സംഗീത നാടക അക്കാദമിയിൽ എൽ ഡി ടൈപ്പിസ്റ്റ് ആയി ജോലി ചെയ്തു വരവെ മരണപ്പെട്ട വി.കെ. ഉഷാകിരണിന്റെ മകൻ ശ്രീ. രോഹിത്ത് ഇ എസ്, തനിക്ക് അക്കാദമിയിൽ എൽ. ഡി ക്ലാർക്ക് ആയി നിയമനം നൽകണമെന്ന് അപേക്ഷിക്കുകയുണ്ടായി. കേരള സംഗീത നാടക അക്കാദമി ജീവനക്കാരുടെ സാ ഉ (കൈ) / 6/91/സാം.കാ.വ തീയതി 11/03/91 പ്രകാരമുള്ള സർവ്വീസ് ചട്ടത്തിൽ ആശ്രിത നിയമനം സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. അപ്രകാരം പ്രത്യേകം പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിനുള്ള അവകാശം എക്സിക്യൂട്ടീവ് കമ്മറ്റിയിൽ നിക്ഷിപ്തമാണ് എന്ന് ടി ചട്ടങ്ങളിലെ ചട്ടം 26-ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 19.05.2016, 04.03.2020 തീയതികളിൽ ചേർന്ന സംഗീത നാടക അക്കാദമിയുടെ നിർവ്വാഹകസമിതി ശ്രീ. രോഹിത്. ഇ. എസിന് അക്കാദമിയിൽ നിലവിൽ ഒഴിവുള്ള എൽ ഡി ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. തൃശ്ശൂർ ജില്ലാ കളക്ടർ ശ്രീ. രോഹിത്. ഇ. എസിന്റെ നിയമനത്തിന് ശുപാർശ ചെയ്തിട്ടുമുണ്ട്. ശ്രീ. രോഹിത് എസ്., എസ്. എസ്. എൽ. സി. , പ്ലസ് ടു എന്നീ വിദ്യാഭ്യാസ യോഗ്യതകൾ നേടിയിട്ടുള്ളതും ടിയാന് കേരള സംഗീത നാടക അക്കാദമിയിൽ നിയമനം നൽകുന്നതിന് പരേതയായ വി. കെ. ഉഷാകിരണിന്റെ അവകാശികൾ സമ്മതപത്രം നൽകിയിട്ടുള്ളതുമാണ്.

3) പ്രസ്തുത വിഷയത്തിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. വകുപ്പിന്റെ അഭിപ്രായം താഴെ രേഖപ്പെടുത്തുന്നു.

"കേരള സംഗീത നാടക അക്കാദമി കേരള പബ്ളിക് സർവീസ് ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനമല്ല. അക്കാദമിയിലെ ജീവനക്കാരുടെ സർവ്വീസ് ചട്ടങ്ങളിൽ ആശ്രിത നിയമനം നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണുന്നില്ല. ടി ചട്ടങ്ങളിൽ ചട്ടം 26-ൽ സേവന വേതന വ്യവസ്ഥകളിൽ പ്രത്യേകം പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിനുള്ള അവകാശം എക്സിക്യൂട്ടീവ് കമ്മറ്റിയിൽ

നിക്ഷിപ്തമാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ആകയാൽ ഈ വിഷയത്തിൽ അഭിപ്രായം രേഖപ്പെടുത്തുന്നതിൽ ഈ വകുപ്പിന് പരിമിതിയുണ്ടെന്ന വിവരം ഭരണ വകുപ്പിനെ അറിയിക്കുന്നു."

4) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ മേൽ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും, സംഗീത നാടക അക്കാദമിയുടെ നിർവ്വാഹകസമിതിയുടെ ശിപാർശയും, തൃശ്ശൂർ ജില്ലാ കളക്ടർ ശുപാർശ റിപ്പോർട്ടും കണക്കിലെടുത്ത് ശ്രീ. രോഹിത്തിന് സംഗീത നാടക അക്കാദമിയിൽ ഒഴിവുള്ള എൽ. ഡി. ക്ലാർക്ക് തസ്തികയിൽ ജോലി നൽകുന്ന വിഷയം മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കേരള സംഗീത നാടക അക്കാദമിയിൽ എൽ ഡി ടൈപ്പിസ്റ്റ് ആയി ജോലി ചെയ്തു വരവെ 10.03.2016 ൽ മരണപ്പെട്ട വി.കെ.ഉഷാകിരണിന്റെ മകൻ ശ്രീ. രോഹിത്ത്. ഇ. എസ് -ന് അക്കാദമി നിർവ്വാഹക സമിതിയുടെ ശുപാർശ പരിഗണിച്ച് കേരള സംഗീത നാടക അക്കാദമിയിൽ നിലവിലുള്ള എൽ ഡി ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് കേരള സംഗീത നാടക അക്കാദമിയ്ക്ക് അനുവാദം നൽകാമോ?